**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം - സ്പെഷ്യൽ റൂൾ ഭേദഗതി- ശ്രീ.കെ.ഇ.ഉണ്ണി, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തുടങ്ങിയവർ സമർപ്പിച്ച നിവേദനം- തീർപ്പാക്കി - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. നമ്പർ 2483/2014-ന്മേലുള്ള 12.11.2015 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നമ്പർ.1245/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 14.3.2016

---

പരാമർശം :- 1. സ.ഉ.(പി)നമ്പർ 216/08/തസ്വഭവ, തീയതി, 30.7.2008..
2. സ.ഉ.(പി)നമ്പർ 44/2011/തസ്വഭവ, തീയതി, 16.02.2011..
3. ശ്രീ.കെ.ഇ.ഉണ്ണി സമർപ്പിച്ച 22.3.2014 തീയതിയിലെ അപേക്ഷ (A6)
4. ഗ്രാമവികസന കമ്മീഷണറുടെ 28.10.2014-ലെ 8565/എസ്റ്റാഎ3/14/സിആർഡി നമ്പർ കത്ത്.(A7)
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.2483/2014-ന്മേലുള്ള 12.11.2015-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (2)പ്രകാരമുള്ള കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് അത് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ശ്രീ.കെ.ഇ.ഉണ്ണി പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും അതോടൊപ്പം ശ്രീ.കെ.ഇ.ഉണ്ണി, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ശ്രീ.പി.നരേന്ദ്രനാഥ്, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ(റൂറൽ ഹൗസിംഗ്), ശ്രീ.എം.സുരേഷൻ, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ(റൂറൽ ഹൗസിംഗ്) തുടങ്ങിയവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.2483/2014 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള പരാമർശം (5) പ്രകാരമുള്ള ഉത്തരവിൽ താഴെപ്പറയും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"dispose the Original Application with a direction to the Government to take appropriate decision in the matter after offering a personal hearing to the applicants and after considering the report Annexure A7, within a period of three months from the date of receipt of a certified copy of this order. The applicants will produce a copy of this Original Application also before the Government."

ശ്രീ.കെ.ഇ.ഉണ്ണി സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്:

1. വി.ഇ.ഒ./എൽ.വി.ഇ.ഒ. പോസ്റ്റിലേയും, അവയുടെ പ്രൊമോഷൻ പോസ്റ്റിലേയും ഇന്റഗ്രേറ്റഡ് സീനിയോരിറ്റി ലിസ്റ്റ് ഉണ്ടാക്കുന്നതിന് വ്യത്യസ്തമാനദണ്ഡം ബാധകമാക്കാതെ പി.എസ്.സി. അഡ്വൈസ് ഡേറ്റിന്റെ അടിസ്ഥാനത്തിൽ/സർക്കാർ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റ ഇന്റഗ്രേറ്റഡ് സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കാം.
2. അവയുടെ പ്രമോഷൻ പോസ്റ്റുകളും സംയോജിപ്പിക്കുകയും, അവയിലേക്കുള്ള നിയമനത്തിന് ആൺ പെൺ വിവേചനം ഇല്ലാതാക്കുകയും വേണം.
3. വികസന വിഭാഗം ജൂനിയർ ഗസറ്റഡ് പോസ്റ്റ് മുതൽ ഏറ്റവും ഉയർന്ന പോസ്റ്റ് വരെ പ്രമോഷന് നൈരന്തര്യം ഉണ്ടാകണം.
4. സർവ്വീസ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട പ്രമോഷന് എൻട്രി പോസ്റ്റിലേതിനേക്കാൾ കൂടുതൽ വിദ്യാഭ്യാസ യോഗ്യത നിർദ്ദേശിക്കുന്ന തരത്തിൽ വ്യാഖ്യാനിക്കാവുന്ന അവ്യക്തത ഒഴിവാക്കി വ്യക്തത വരുത്തുക.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഉദ്യോഗസ്ഥരെ 9.2.2016-ൽ നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകുകയും ശ്രീ.കെ.ഇ.ഉണ്ണി, ശ്രീ.പി.എം.നരേന്ദ്രനാഥ് എന്നിവർ ഹിയറിംഗിന് ഹാജരാകുകയും ചെയ്തു. 16.02.2011-ലെ ജി.ഒ.(പി)44/2011/തസ്വഭവ പ്രകാരം സ്പെഷ്യൽ റൂൾ നിലവിൽ വന്ന ശേഷം ബി.ഡി.ഒ.തസ്തികയിലെ പ്രമോഷനും ഡിഗ്രി യോഗ്യത വേണമെന്ന വ്യവസ്ഥ നിലവിൽ വന്നു എന്നും വകുപ്പിലെ ജീവനക്കാർ ഭൂരിഭാഗവും ഈ

വ്യവസ്ഥയെക്കുറിച്ച് അറിഞ്ഞിരുന്നില്ലെന്നും പ്രമോഷൻ തസ്തികയ്ക്ക് ഡിഗ്രി യോഗ്യത വേണമെന്ന വ്യവസ്ഥ ഇളവു ചെയ്യണമെന്നും ഹിയറിംഗ് സമയത്ത് അപേക്ഷകർ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ, ഇവർ, Annexure A6 പെറ്റീഷനിൽ നൽകിയിരുന്ന ആവശ്യങ്ങൾ താഴെ പറയും പ്രകാരം ചുരുക്കി നൽകുകയുണ്ടായി.

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി പ്രൊമോഷൻ ലഭിക്കുന്നതിന് സർവ്വകലാശാല ബിരുദം വേണമെന്ന വ്യവസ്ഥയിൽ നാളിതുവരെ സർവ്വീസിലുള്ളവർക്ക് കെ.എസ്. & എസ്.എസ്.ആർ. പാർട്ട് 2-ലെ 39-ാം വകുപ്പ് പ്രകാരം ഇളവനുവദിച്ച് നൽകി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.
2. വി.ഇ.ഒ., എൽ.വി.ഇ.ഒ തസ്തികകളും അവയുടെ പ്രൊമോഷൻ തസ്തികകളും സംയോജിപ്പിച്ച സാഹചര്യത്തിൽ എൽ.വി.ഇ.ഒ.മാർക്ക് ലഭിച്ചിരുന്ന ജില്ലാതല പോസ്റ്റുകളായ ജില്ലാ വനിതാക്ഷേമ ഓഫീസർ, അസിസ്റ്റന്റ് പ്രൊജക്ട് ഡയറക്ടർ (വനിതാ വികസനം) എന്നിവയിലേക്ക് ഫീൽഡ്തല ജീവനക്കാരായ വി.ഇ.ഒ./എൽ.വി.ഇ.ഒ. മാരിൽ നിന്നും പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്ക് ലിംഗവിവേചനം ഇല്ലാതെ പ്രൊമോഷൻ നൽകുക.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയും അവയുടെ പ്രൊമോഷൻ തസ്തികയിലേയും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും അവയുടെ പ്രൊമോഷൻ തസ്തികകളും സംയോജിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വനിതകൾക്ക് മാത്രം ലഭിച്ചിരുന്ന ജില്ലാതല തസ്തികകളായ ജില്ലാ വനിതാ ക്ഷേമ ഓഫീസർ (DWWO)/ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (WD) തസ്തികയിലേയ്ക്കുള്ള നിയമനം ലിംഗ വ്യത്യാസമില്ലാതെ നൽകുന്നത് സംബന്ധിച്ച് പരാമർശം (4)ലെ ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 16.2.2011-ലെ സ.ഉ.(പി)44/2011/തസ്വഭവ പ്രകാരമുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. പരാമർശം (2) പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലെ നിയമനത്തിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദമായി നിശ്ചയിച്ചിട്ടുണ്ട്. ഓരോ തസ്തികകളുമായി ബന്ധപ്പെട്ട

ജോലിക്ക് അനുസൃതമായാണ് അതാത് വകുപ്പുകൾ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ നിശ്ചയിക്കാറുള്ളത്. ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ nature of work ന് സ്പെഷ്യൽ റൂൾ പ്രകാരം നിശ്ചയിച്ച വിദ്യാഭ്യാസ യോഗ്യത നിലവിലെ വിദ്യാഭ്യാസ നിലവാരത്തിനും സാമൂഹ്യ സാഹചര്യത്തിനും അനുയോജ്യമാണ്. സൂചന (2) പ്രകാരമുള്ള സ്പെഷ്യൽ റൂൾ നിലവിൽ വന്ന ശേഷം ഹർജിക്കാർക്ക് ബിരുദം നേടാനുള്ള സാവകാശവും ലഭിച്ചിരുന്നു. ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനത്തിന് 16.02.2011-ലെ സ്പെഷ്യൽ റൂൾ നിലനിൽക്കെ ചട്ടവിരുദ്ധമായി അപേക്ഷകർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി സ്ഥാനക്കയറ്റം നൽകാൻ സാധിക്കുകയില്ല. ആയതിനാൽ അപേക്ഷകരുടെ ടി ആവശ്യം നിരസിച്ച് തീർപ്പാക്കി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രാകരമുള്ള വിധി നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ.റ്റി.
അണ്ടർ സെക്രട്ടറി

ശ്രീ.കെ.ഇ.ഉണ്ണി, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ആലത്തൂർ
ശ്രീ.പി.നരേന്ദ്രനാഥ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ
(റൂറൽ ഹൗസിംഗ്), ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മലമ്പുഴ
ശ്രീ.എം.സുരേഷൻ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് , കുന്നമ്മൽ, കോഴിക്കോട്
} ഗ്രാമവികസന കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (with C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ